"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വസ്തു നികുതിയും ഫീസുകളും — ടെലികമ്മ്യൂണിക്കേഷൻസ് ആക്ട്, 2023, ടെലികമ്മ്യൂണിക്കേഷൻസ് (റൈറ്റ് ഓഫ് വേ) റൂൾസ്, 2024 എന്നിവയുടെ അടിസ്ഥാനത്തിൽ, 01.01.2025 മുതൽ, ടെലികമ്മ്യൂണിക്കേഷൻ ശൃംഖലകളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയും, ടെലികമ്മ്യൂണിക്കേഷൻ ശൃംഖലകൾക്കുമേൽ ഇൻസ്റ്റലേഷനായി ഈടാക്കുന്ന വിവിധ ഫീസുകൾ ടെലികമ്മ്യൂണിക്കേഷൻസ് (റൈറ്റ് ഓഫ് വേ) റൂൾസ്, 2024 - ന് അനുസൃതമായിരിക്കേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(കൈ) നം.127/2026/LSGD തീയതി,തിരുവനന്തപുരം, 15-09-2026

---

പരാമർശം:-

1. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2023 ഡിസംബർ 24-ലെ ടെലികമ്മ്യൂണിക്കേഷൻസ് ആക്ട്, 2023 (2023-ലെ ആക്ട് നം.44)
2. കേന്ദ്ര സർക്കാരിന്റെ കമ്മ്യൂണിക്കേഷൻസ് മന്ത്രാലയത്തിന് കീഴിലുള്ള ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിന്റെ 17-09-2024-ലെ വിജ്ഞാപനം നം. G.S.R. 576(E).
3. സ.ഉ.(കൈ)നം. 12/2025/ഐ.ടി.ഡി - തീയതി 17.07.2025
4. കേന്ദ്ര സർക്കാറിന്റെ വാർത്താവിനിമയ മന്ത്രാലയത്തിലെ ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് സെക്രട്ടറിയുടെ 2026 ജൂലൈ 27 ലെ DO no. 5-1/2026-NBM-SASCI നമ്പർ കത്ത്

**ഉത്തരവ്**

ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യകൾക്ക് അനുയോജ്യമായ ഏകീകൃത ചട്ടക്കൂട് ഒരുക്കുന്നതിനും, നെറ്റ്‌വർക്ക് വ്യാപനം ലളിതമാക്കുന്നതിനും പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ ടെലികമ്മ്യൂണിക്കേഷൻസ് ആക്ട്, 2023 പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിന് വിധേയമായി പരാമർശം (2) വിജ്ഞാപനം വഴി കേന്ദ്ര സർക്കാർ 01-01-2025 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ ടെലികമ്മ്യൂണിക്കേഷൻസ് (റൈറ്റ് ഓഫ് വേ) റൂൾസ്, 2024 പുറപ്പെടുവിച്ചിട്ടുണ്ട്. ടെലികമ്മ്യൂണിക്കേഷൻസ് (റൈറ്റ് ഓഫ് വേ) ചട്ടങ്ങൾ, 2024 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള ടെലികമ്മ്യൂണിക്കേഷൻസ് ആക്റ്റ്, 2023 ലെ സെക്ഷൻ 14 (3) ൽ ടെലികമ്മ്യൂണിക്കേഷൻ ശൃംഖലകൾക്കുമേൽ ഈടാക്കാവുന്ന നികുതികൾ, ഫീസുകൾ എന്നിവയെ സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

*"14 (3) - The telecommunication network installed on any property, shall not be considered as part of such property, including for the purposes of any transaction related to that property, or any property tax, levy, cess, fees or duties as may be applicable on that property. "*

3) എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 203, കേരള മുൻസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 233 എന്നിവ പ്രകാരം വസ്തു നികുതിയും, കേരള പഞ്ചായത്ത്/മുൻസിപ്പാലിറ്റി ബിൽഡിങ് ചട്ടങ്ങൾ, ചട്ടം 87 പ്രകാരം ഇൻസ്റ്റലേഷനായി വിവിധ ഫീസുകളും ടെലികമ്മ്യൂണിക്കേഷൻ ശൃംഖലകൾക്കുമേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നുണ്ട്.

4) മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടെലികമ്മ്യൂണിക്കേഷൻ ശൃംഖലകൾക്കുമേൽ ഈടാക്കുന്ന വസ്തു നികുതിയും, ഫീസുകളും ഒഴിവാക്കി തരണമെന്ന് പരാമർശം (4) പ്രകാരം കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടെലികമ്മ്യൂണിക്കേഷൻസ് ആക്റ്റ്, 2023, ടെലികമ്മ്യൂണിക്കേഷൻസ് (റൈറ്റ് ഓഫ് വേ) ചട്ടങ്ങൾ, 2024 എന്നിവയുടെ അടിസ്ഥാനത്തിൽ ടെലികമ്മ്യൂണിക്കേഷൻ ശൃംഖലകളെ , 01.01.2025 മുതൽ, കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുൻസിപ്പാലിറ്റി ആക്റ്റ്, എന്നിവ പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

6) കൂടാതെ കേരള പഞ്ചായത്ത്/മുൻസിപ്പാലിറ്റി ബിൽഡിങ് ചട്ടങ്ങൾ, ചട്ടം 87 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ശൃംഖലകൾക്കുമേൽ ഇൻസ്റ്റലേഷനായി ഈടാക്കുന്ന ഫീ ഫോർ ഇറക്ഷൻ / ഫീ ഫോർ എസ്റ്റാബ്ലിഷ്മെന്റ് / ഫീ ഫോർ ആക്സസറി റൂംസ് തുടങ്ങിയ എല്ലാ ഫീസുകളും ടെലികമ്മ്യൂണിക്കേഷൻസ് (റൈറ്റ് ഓഫ് വേ) റൂൾസ്, 2024 ന് അനുസൃതമായിരിക്കേണ്ടതാണ്.

7) മേൽ ഉത്തരവിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുൻസിപ്പാലിറ്റി ആക്റ്റ് എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള പ്രോപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഉത്തരവിന് അനുസൃതമായുള്ള ക്രമീകരണങ്ങൾ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. സെക്രട്ടറി, കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ്, (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4. ധനകാര്യ (പ്ലാനിങ് - എ) വകുപ്പ്
5. ഐ റ്റി വകുപ്പ്
6. തദ്ദേശ സ്വയംഭരണ (ഇ ജി) വകുപ്പ്
7. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്
8. തദ്ദേശ സ്വയംഭരണ (ആർ എ/ ആർ ബി) വകുപ്പ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
12. ഡയറക്ടർ, ഐ&പിആർഡി (വെബ് & ന്യൂമീഡിയ), തിരുവനന്തപുരം
13. കരുതൽ ഫയൽ/ഓഫീസ് കോപ്പി (LSGD-RC2/522/2025-LSGD).

ഉത്തരവിൻ പ്രകാരം

Digitally signed by
Deepu B K
Date: 15-09-2026
11:35:57

സെക്ഷൻ ഓഫീസർ